# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 859 — 12.12.2012ൽ മറുപടിയ്ക്ക്

## വൈക്കം നിയോജകമണ്ഡലത്തിലെ കുട്ടനാട് പാക്കേജ് പദ്ധതികൾ

ചോദ്യം : ശ്രീ. കെ. അജിത്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇതിൽ വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ, ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(എ) ഓരോ പദ്ധതിയുടെയും വിശദാംശം താഴെ ചേർക്കുന്നു.

1. കെ.ഇ.എൽ-I 14 പാടശേഖരങ്ങളിൽ 1 പാടശേഖരത്തിന്റെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവ പുരോഗമിക്കുന്നു.

2. കെ.ഇ.എൽ-II ഇതിൽ ഉൾപ്പെട്ട 3 പ്രവൃത്തികളും പുരോഗമിക്കുന്നു.

3. കെ.ഇ.എൽ-III ഫേസ് 1-ൽ ഉൾപ്പെടുത്തി 231 പാടശേഖരങ്ങളുടെ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

4. ഓണാട്ടുകര ഇതിൽ ഉൾപ്പെട്ട 12 പ്രവൃത്തികളിൽ 7 എണ്ണം ടെൻഡർ ചെയ്തു. 5 എണ്ണം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

5. ഓരുമുട്ടുനിർമ്മാണം പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്താൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി താഴെപറയുന്ന പ്രവൃത്തികൾ നടന്നു വരുന്നു.

1. തലാഴം പഞ്ചായത്തിലെ കരിയാർ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പുരോഗമിക്കുന്നു.
2. പട്ടണക്കാട് പ്രദേശത്തെ റഗുലേറ്ററുകളുടെ പുനരുദ്ധാരണം.

(i) അന്ധകാരനാഴി റഗുലേറ്റർ- ഭരണാനുമതി നൽകുന്ന ഘട്ടത്തിലാണ്.

(ii) പുല്ലുവേലി റഗുലേറ്റർ - മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ മുഖാന്തിരം നടപ്പാക്കുന്നതാണ്.

(iii) പെണ്ണാടി റഗുലേറ്റർ - മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ മുഖാന്തിരം നടപ്പാക്കുന്നതാണ്.

(iv) ചാത്തൻചിറ തോട്ടിലെ ചാത്തൻ ചിറ പാലത്തിന സമീപം സംരക്ഷണ ഭിത്തിയുടെ നിർമ്മാണം ആരംഭിച്ചി ട്ടുണ്ട്.

താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു.

(i) ഫേസ് - II

(ii) ഫേസ് - III

(iii) ഫേസ് - IV

6. തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ കാര്യശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

7. <u>എ. സി കനാൽ വിപുലീകരണം</u>

ഒന്നാംഘട്ട പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

വൈക്കം നിയോജകമണ്ഡലത്തിലെ 10 പാടശേഖരങ്ങൾ കെ.ഇ.എൽ - 3 (ഗ്രൂപ്പ് -13) – ൽ ഉൾപ്പെടുത്തി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെയുള്ള റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണികൾ പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിക്ക് വൈക്കം നിയോജക മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) | കരിയാർ റഗുലേറ്ററിന് നാളിതുവരെ 80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | കുട്ടനാട് പാക്കേജിന്റെ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ? | (സി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട എഫ്.എം.പി. സ്കീമുകൾ 75% കേന്ദ്ര സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. കുട്ടനാടൻ പ്രദേശത്തെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കും (കെ.ഇ.എൽ - 3) ഓണാട്ടുകര പുനരുദ്ധാരണ പദ്ധതികൾക്കും കൂടി മുൻവർഷം കേന്ദ്രാനുമതി പ്രതീക്ഷിച്ചിരുന്നു. കേന്ദ്രാനുമതിയിൽ വന്ന കാലതാമസം മൂലമാണ് പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നത്. ഇപ്പോൾ കേന്ദ്രാനുമതി ലഭിക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ